# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3692 | 19/02/2013-ൽ മറുപടിക്ക്

## മുങ്ങൽ വിദഗ്ധരായ മത്സ്യത്തൊഴിലാളികൾക്ക് കടൽ രക്ഷാസേനയിൽ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. സി. മമ്മൂട്ടി | ശ്രീ..കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) മത്സ്യബന്ധനത്തിലേർപ്പെടുന്ന വരുടെ സുരക്ഷിതത്വം കണക്കി ലെടുത്ത് മുങ്ങൽ വിദഗ്ധരായ പരമ്പരാഗത മത്സ്യത്തൊഴിലാളി കൾക്ക് പരിശീലനം നൽകി കടൽ രക്ഷാസേനയിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ; | എ) ഫിഷറീസ് വകുപ്പിൽ കടൽ സുരക്ഷാസേനാംഗങ്ങളായി പ്രവർ ത്തിക്കുന്നവർ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നുള്ളവരാണ്. നീന്തൽ പ്രാഗത്ഭ്യം തെളിയിക്കുന്ന തിനുള്ള സ്ക്രീനിംഗ് ടെസ്റ്റ് നടത്തി തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഗോവ യിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ (NIWS) നിന്നും കടൽ രക്ഷാപ്രവർത്തനം, സുരക്ഷാ ഉപകരണങ്ങളുടെ ഉപ യോഗം, പവർബോട്ട് ഉപയോഗി ക്കുന്നത്, എന്നിവയിൽ വിദഗ്ധ പരിശീലനം നൽകിയാണ് സേനാം ഗങ്ങളായി നിയോഗിച്ചിട്ടു ള്ളത്. ടി അംഗങ്ങളെ ദിവസവേതനാടി സ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. |
| ബി) നാടൻ യാനങ്ങൾക്കും യന്ത്രവൽകൃത ബോട്ടുകൾക്കും അപകടമുണ്ടായാൽ സഹായം അഭ്യർത്ഥിക്കുന്നതിനാവ ശ്യമായ സംവിധാനങ്ങൾ ലഭ്യ മാക്കുന്ന കാര്യം പരിഗണിക്കുമോ ? | ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി സുനാമി അടിയന്തിര സഹായ പദ്ധതി/സുനാമി പുനര ധിവാസ പദ്ധതി/ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി എന്നീ പദ്ധതികൾ പ്രകാരം ബീക്കൺ, ഹീലിയോഗ്രാഫ്, റഡാർ റിഫ്ളക്ടർ, ഫിഷിംഗ് കം എമർജൻസി ഫ്ളാഷ് ലൈറ്റ്, വൈറ്റമിൻ ബിസ്കറ്റ്, കോമ്പസ്, ഫസ്റ്റ് എയിഡ് കിറ്റ്, ലൈഫ് ബോയ്, ജാക്ക് നൈഫ്, കന്നാസ് (20 ലിറ്റർ) എന്നീ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടുന്ന കിറ്റ് 7262 പരമ്പരാഗതയാന ഉടമകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന "Safety of Fishermen at Sea"എന്ന പദ്ധതിപ്രകാരം ജി.പി.എസ്, എക്കോസൗണ്ടർ, വാർത്താവിനിമയ ഉപകരണങ്ങൾ, ബീക്കൺ എന്നീ സുരക്ഷാ ഉപകരണങ്ങൾ, പരമ്പരാഗതയാനം /യന്ത്രവൽകൃതയാനയുടമകൾക്ക് നൽകുന്നതിനുള്ള നടപടി സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ